65

# യെഹൂദ വിചാരണയും പത്രൊാസിന്റെ തള്ളിപ്പറച്ചലും
## (26:57- 75)

ഒലിവ് മലയിൽ വെച്ച് യേശുവിനെ പിടിച്ചശേഷം, അവനെ മഹാപുരോഹിതനായിരുന്ന കയ്യഫാവിന്റെ അടുക്കലേക്കും, ന്യായാധിപസഭയിലേക്കും കൊണ്ടുപോയി, അവിടെ അവൻ വിചാരണ നേരിട്ടു (26:57–68). വിചാരണയുടെ ഫലം എന്താകുമെന്നറിയുവാൻ, കുറച്ച് അകലെയായി പത്രൊസും യേശുവിനെ അനുഗമിച്ചിരുന്നു. യേശുവുമായുള്ള അവന്റെ ബന്ധത്തെ കുറിച്ച് ചോദിച്ചപ്പോൾ, അവനെ അറിയുകയില്ല എന്ന് പത്രൊസ് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു (26:69–75).

**യെഹൂദ വിചാരണ (26:57-68)**

**57യേശുവിനെ പിടിച്ചവരോ മഹാപുരോഹിതനായ കയ്യഫായുടെ
അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ചുകൂടിയിരുന്നേടത്ത് അവനെ
കൊണ്ടുപോയി. 58എന്നാൽ പത്രൊസ് ദൂരവേ മഹാപുരോഹിതന്റെ അരമ
നയോളം പിൻചെന്നു. അകത്തു കടന്നു അവസാനം കാൺമാൻ ചേവക
ന്മാരോടുകൂടി ഇരുന്നു.
59മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ
കൊല്ലേണ്ടതിന്നു അവന്റെ നേരെ കള്ളസാക്ഷ്യം അന്വേഷിച്ചു. 60കള്ളസാ
ക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല. 61 ഒടുവിൽ രണ്ടുപേർ വന്നു. "ദൈവ
മന്ദിരം പൊളിച്ചു മൂന്നുദിവസം കൊണ്ട് പണിവാൻ എനിക്കു കഴിയും
എന്നു ഇവൻ പറഞ്ഞു" എന്നു ബോധിപ്പിച്ചു. 62മഹാപുരോഹിതൻ എഴു
ന്നേറ്റു അവനോട് "നീ ഒരു ഉത്തരവും പറയുന്നില്ലല്ലൊ; ഇവർ നിന്റെ നേരെ
സാക്ഷ്യം പറയുന്നത് എന്ത്" എന്നു ചോദിച്ചു. 63യേശുവോ മിണ്ടാതിരുന്നു.
മഹാപുരോഹിതൻ പിന്നെയും അവനോട്, "നീ ദൈവപുത്രനായ ക്രിസ്തു
തന്നെയോ? പറക" എന്നു ഞാൻ ജീവനുള്ള ദൈവത്തെ കൊണ്ട് ആണയിട്ട്
ചോദിക്കുന്നു എന്നു പറഞ്ഞു. 64യേശു അവനോട് "ഞാൻ ആകുന്നു. ഇനി
മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാ
ശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ
പറയുന്നു" എന്നു പറഞ്ഞു.
65ഉടനെ മഹാപുരോഹിതൻ വസ്ത്രം കീറി; "ഇവൻ ദൈവദൂഷണം
പറഞ്ഞു; ഇനി സാക്ഷികളെക്കൊണ്ട് എന്ത് ആവശ്യം? നിങ്ങൾ ഇപ്പോൾ
ദൈവദൂഷണം കേട്ടുവല്ലോ? 66നിങ്ങൾക്ക് എന്തു തോന്നുന്നു എന്നു ചോദി
ച്ചതിന്ന്, അവൻ മരണയോഗ്യൻ എന്ന് അവർ ഉത്തരം പറഞ്ഞു!"
67അപ്പോൾ അവർ അവന്റെ മുഖത്ത് തുപ്പി, അവനെ മുഷ്ടി ചുരുട്ടി കുത്തി,
ചിലർ അവനെ കന്നത്തടിച്ചു 68"ഹേ ക്രിസ്തുവേ നിന്നെ തല്ലിയത് ആർ?" എന്നു**

**ഞങ്ങളോടു പ്രവചിക്ക എന്നു പറഞ്ഞു.**

**വാക്യം 57.** യോഹന്നാൻ 18:12-24 അനുസരിച്ച്, യേശുവിനെ ആദ്യം മുൻ മഹാപുരോഹിതനായിരുന്ന ഹന്നാവിന്റെ അടുക്കലേക്കാണ് കൊണ്ടുപോയത്.[1] അവന്ന് ആളുകളിലുണ്ടായിരുന്ന സ്വാധീനമാണ് അത് കാണിക്കുന്നത്. റോമൻ നാടുവാഴിയായിരുന്ന വലേറിയസ് ഗ്രാറ്റസ് അവനെ ഏ. ഡി. 15-ൽ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും, അനേകം യെഹൂദന്മാർ അപ്പോഴും അവനെ മഹാപുരോഹിതനായിട്ടാണ് കരുതിയിരുന്നത് (26:3 ന്റ പരാമർശം നോക്കുക). ഹന്നാവ്, യേശുവിനോട് അവന്റെ ശിഷ്യന്മാരെ കുറിച്ചും, ഉപദേശത്തെ കുറിച്ചും ചോദിച്ചറിഞ്ഞശേഷം അവനെ തന്റെ മരു-മകൻ-ആയിരുന്ന കയ്യെഫാവിന്റെ അടുക്കലേക്ക് അയച്ചു.[2]

മത്തായി ആ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ **യേശുവിനെ പിടിച്ചവർ അവനെ കയ്യഫാവും, മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും, മൂപ്പന്മാരും കൂടിയിരുന്ന സ്ഥലത്തേക്ക് കൊണ്ടുപോയി**. അവനെ പിടിക്കേണ്ടത് അനിവാര്യമായതിനാൽ, ന്യായാധിപസഭയിലെ അംഗങ്ങളിൽ ചിലർ കയ്യഫാവിന്റെ വീട്ടിൽ സന്നിഹിതരായിരുന്നു. ന്യായാധിപസഭ മുഴുവനും കൂടിവരുമ്പോൾ അവതരിപ്പിക്കേണ്ട കാര്യങ്ങൾ ലഭിക്കുവാനായി കയ്യെഫാവ് യേശുവിനെ ചോദ്യം ചെയ്തിരിക്കുമെന്നു നമുക്ക് ഊഹിക്കാം.

മിഷ്നാ പറയുന്നതനുസരിച്ച്, ഒരു കള്ളപ്രവാചകനെ വിചാരണ ചെയ്യുവാനായി ന്യായാധിപസഭയിലെ മുഴുവൻ അംഗങ്ങളും സന്നിഹിതരാകേണ്ടിയിരുന്നു.[3] എങ്ങനെയായാലും, ഈ കാര്യത്തിൽ ആ നിയമം നടപ്പിലായില്ല. അരിമഥ്യക്കാരനായിരുന്ന യോസേഫ് ന്യായാധിപസഭയിലെ ഒരംഗമായിരുന്നു (മർ. 15:43; ലൂക്കൊ. 23:50). നിക്കൊദേമോസും അംഗമായിരിക്കുവാൻ സാധ്യതയുണ്ട് (യോഹ. 3:1; 7:50, 51; 19:38, 39). അവർ രണ്ടുപേരും ആ രാത്രിയിൽ അവിടെ സന്നിഹിതരായിരുന്നില്ല (ലൂക്കൊ. 23:51, 52).

അവസാനം വോട്ടിട്ടു കുറ്റം വിധിക്കുവാനായി യേശുവിനെ പിറ്റെ ദിവസം ന്യായാധിപസഭ മുഴുവൻ കൂടി വന്നപ്പോൾ കൊണ്ടുവന്നു (27:1; മർ. 15:1; ലൂക്കൊ. 22:66). ന്യായാധിപസഭയിൽ 71 അംഗങ്ങളാണുള്ളത്; മുഖ്യ ന്യായാധിപനായി മഹാപുരോഹിതനും, സാധാരണ അംഗങ്ങളായ എഴുപതു പേരും. മോശെയെ സഹായിക്കുവാൻ ദൈവം അവനോട് എഴുപതു ന്യായാധിപന്മാരെ തിരഞ്ഞെടുക്കുവാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരുന്നു അത് (സംഖ്യ. 11:16).[4] ഓരോ അംഗത്തിനും മറ്റുള്ള അംഗങ്ങളുടെ മുഖം കാണത്തക്കവണ്ണം അർദ്ധവൃത്താകൃതിയിലാണ് അവർ ഇരിക്കുന്നത്. സംഘത്തിന് അഭിമുഖമായി രണ്ട് എഴുത്തുകാരും ഇരിക്കും; ഒരാൾ കുറ്റവിമുക്തമാക്കുവാനുള്ള വാദം രേഖപ്പെടുത്തുകയും, മറ്റൊരാൾ കുറ്റം ചുമത്തുവാനുള്ള വാദം രേഖപ്പെടുത്തുകയും ചെയ്യും. ഓരോ അംഗവും വ്യക്തിപരമായ അഭിപ്രായം പറയും.[5]

സാധാരണ ന്യായപ്രമാണം സൂക്ഷ്മമായി പരിശോധിക്കുന്ന യെഹൂദന്മാർ, യേശുവിനെ കുറ്റം ചുമത്തുവാൻ അവയെല്ലാം ബോധപൂർവ്വം അവഗണിച്ചു. (1) യേശുവിനെ പിടിച്ച പ്രഭാതത്തിനു മുൻപ് മഹാപുരോഹിതന്റെ അടുക്കൽ എത്തിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെ ആയിരുന്നു.[6] (2) ദൈവാലയ പ്രാന്തപ്രദേശത്തുള്ള ചെത്തിയ കല്ലുകൊണ്ടുള്ള ഹാളിലായിരുന്നു നിയമപരമായ നടപടികൾ നടത്തിയിരുന്നത്[7] - തീർച്ചയായും മഹാപു

രോഹിതന്റെ വീട്ടിലല്ല. (3) മരണത്തിനായുള്ള വിധി ശബ്ബത്തിലോ പെരുന്നാളിലോ പാടില്ല.[8] (4) സാക്ഷികളുടെ സാക്ഷ്യം യോജിക്കുന്നുണ്ടോ എന്നു നോക്കുവാൻ അവരെ വെവ്വേറെ വിചാരണ നടത്തിയില്ല.[9] (5) സാധാരണ മരണശിക്ഷ വിധിക്കുമ്പോൾ, രാത്രി മുഴുവൻ കഴിഞ്ഞിട്ടു മാത്രമെ ഔദ്യോഗികമായി പ്രഖ്യാപിക്കാവു.[10]

**വാക്യം 58. പത്രൊസ് യേശുവിനെ ദൂരവേ അനുഗമിച്ച്** [യേശുവിന്] സംഭവിക്കുവാൻ പോകുന്നത് എന്തെന്ന് അറിയുവാൻ കാത്തിരുന്നു, പക്ഷെ അവൻ **മഹാപുരോഹിതന്റെ മുറ്റത്ത്**[11] പ്രവേശിച്ചിരുന്നു. ഗെത്ത്ശെമനയിലും തുടർന്നും നടന്ന സംഭവവികാസങ്ങൾ പത്രൊസിനെ കുഴപ്പിച്ചിരിക്കും! 26:56 പറയുന്നത് "ശിഷ്യന്മാരെല്ലാവരും അവനെ വിട്ട്, ഓടിപ്പോയി" എന്നാണ്. അപ്പോൾ പത്രൊസും ഓടി പോയിരുന്നു എന്നു നമുക്ക് കരുതാം. എങ്കിലും, അവൻ ജനക്കൂട്ടത്തിലേക്ക് തിരിച്ചു വന്നു ആരും അറിയാതെ പിൻഗമിച്ചുകാണും.

പത്രൊസ് മുറ്റത്ത് **പടയാളികളോടൊപ്പം തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ** (യോഹ. 18:18), യേശുവിന്റെ വിചാരണയുടെ **അന്ത്യമെന്താകുമെന്നറിയുവാൻ** കാത്തിരുന്നു. "പടയാളികൾ" (എൻഐവി; എൻആർഎസ്‌വി) എന്നതിനു പകരം മറ്റു തർജിമകളിൽ "സഹായികൾ" (എൻഈബി; എൻജെബി) എന്നാണ് അധികാരസ്ഥാനത്തുള്ള ഒരാളെ മറ്റൊരാൾ സഹായിക്കുന്നതിനു പറയുന്ന ഗ്രീക്ക് വാക്കാണ് *ഹുപെറെറ്റസ്*.

അവനെ അനുഗമിച്ച മറ്റു ശിഷ്യന്മാരിൽ, യോഹന്നാനും ആദ്യം മുറ്റത്തു പ്രവേശിച്ചതായി വിശ്വസിക്കുന്നു. അവൻ കാവൽക്കാരനോട് പറഞ്ഞു പത്രൊസിനേയും മുറ്റത്തേക്ക് കടത്തിവിട്ടു (യോഹ. 18:15, 16). പത്രൊസും യോഹന്നാനും ആ സംഭവങ്ങൾക്ക് ദൃക്സാക്ഷികളായിരുന്നതിനാൽ, അവർ മത്തായിയോടും ശേഷം അപ്പൊസ്തലന്മാരോടും അത് പങ്കിട്ടിരിക്കും.

**വാക്യം 59**. യേശുവിൽ ചുമത്തുവാൻ തക്ക കുറ്റമൊന്നും ചെയ്തിട്ടില്ലായ്കയാൽ, മഹാപുരോഹിതന്മാരും ന്യായാധിപസഭയിലെ മറ്റംഗങ്ങളും സത്യസന്ധരല്ലാത്ത **കള്ളസാക്ഷികളെ** കൊണ്ടുവന്ന് അവന് **എതിരായി സാക്ഷി** പറയിച്ചു. അവർക്കും മരണശിക്ഷക്കുള്ള കുറ്റം ഒന്നും ആരോപിക്കുവാൻ കഴിയാതിരുന്നതിനാൽ (1:19; 10:18; 12:14 ന്റെ പരാമർശം നോക്കുക),[12] യേശു **മരണത്തിനു** തക്കതായ കുറ്റം ചെയ്തു എന്നു റോമൻ നാടുവാഴിയെ അവർക്ക് ബോധ്യപ്പെടുത്തേണ്ടതായി വന്നു. **ന്യായാധിപസഭ മുഴുവൻ** എന്നു പറയുന്നത് ഇവിടെ അക്ഷരികമായി എടുക്കരുത്. അന്നു രാത്രിയിൽ സന്നിഹിതരായിരുന്ന എല്ലാ അംഗങ്ങളും യേശുവിനെ എതിർത്തിരുന്നു എന്നാണ് മത്തായി ഇവിടെ പറയുന്നത്.[13]

**വാക്യങ്ങൾ 60, 61.** ആദ്യം, **സാക്ഷ്യം പറയുവാൻ പല കള്ളസാക്ഷികളും മുന്നോട്ട് വന്നു**, പക്ഷെ, അവരുടെ സാക്ഷ്യങ്ങൾ ഒത്തുവന്നില്ല (മർ. 14:55, 56). ന്യായപ്രമാണമനുസരിച്ച്, രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴിയാലല്ലാതെ ആരെയും മരണശിക്ഷക്ക് വിധിക്കരുത് (സംഖ്യ. 35:30; ആവ. 17:6; 19:15). കുറെ സമയം കഴിഞ്ഞ്, **രണ്ട്** സാക്ഷികൾ, യേശു പറഞ്ഞതായി ഇങ്ങനെ പറഞ്ഞു, " '**ദൈവമന്ദിരം പൊളിച്ചു മൂന്നുദിവസം കൊണ്ട് വീണ്ടും പണിയുവാൻ എനിക്ക് കഴിയും എന്ന് അവൻ പറഞ്ഞു**' " (27:40 നോക്കുക). എങ്കിലും, അവരുടെ കെട്ടിച്ചമച്ച കഥ ഒത്തുവന്നില്ല (മർ. 14:59).

ദൈവാലയത്തിനെതിരായി സംസാരിക്കുന്നത് യെഹൂദന്മാർക്ക് ഏറ്റവും

വലിയ കുറ്റമായിരുന്നു (പ്രവൃ. 6:12–14). ദൈവാലയം നശിപ്പിക്കപ്പെടും എന്ന് യേശു രഹസ്യമായി പ്രവചിച്ചിരുന്നെങ്കിലും, അതു മൂന്നു ദിവസം കൊണ്ട്, പുനർനിർമ്മാണം നടത്തുമെന്ന് അവൻ പറഞ്ഞിരുന്നില്ല (24:1, 2). *യെഹൂദന്മാർ* "ഈ മന്ദിരം" നശിപ്പിക്കുമെന്നും, താൻ അതിനെ മൂന്നു ദിവസം കൊണ്ട് ഉയർത്തുമെന്നും അവൻ പറഞ്ഞിരുന്നു (യോഹ. 2:19). എങ്ങനെയായാലും, അവൻ പറഞ്ഞ മന്ദിരം അവന്റെ ശരീരമായിരുന്നു; തന്റെ മരണത്തെയും ഉയർപ്പിനേയും കുറിച്ച് പറഞ്ഞതായിരുന്നു അത് (യോഹ. 2:21, 22).

**വാക്യങ്ങൾ 62, 63. മഹാപുരോഹിതൻ എഴുന്നേറ്റ് യേശു**വിനോട് **മറുപടി** പറഞ്ഞു പ്രതിരോധിക്കുവാൻ ആവശ്യപ്പെട്ടു. അവൻ ആദ്യം **മൗനമായിരു**ന്നു. അത് യെശയ്യാവ് 53:7 നിറവേറുന്നതായിരുന്നു:

> തന്നെത്താൻ താഴ്ത്തി വായ്തുറക്കാതിരുന്നിട്ടും,
> അവൻ പീഡിപ്പിക്കപ്പെട്ടു;
> കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെ പോലെയും,
> രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന,
> ആടിനെ പോലെയും അവൻ വായ് തുറക്കാതിരുന്നു.

അതേ ഭാഷ സങ്കീർത്തനങ്ങൾ 38:12–14 ലും കാണാം.

യേശുവിന്റെ നിശബ്ദത ന്യായാധിപസഭയിൽ വലിയ ഫലമാണുളവാക്കിയത്. സാധാരണ, കുറ്റവാളിക്ക് ഓരോ ആരോപണത്തേയും നിഷേധിച്ച്, നിരപരാധിത്വത്തിനായി മറുപടി പറയാമായിരുന്നു, പക്ഷെ യേശു ഒന്നും മിണ്ടിയില്ല.[14] അവൻ ക്രൂശിൽ പോകുവാനായി സമർപ്പിക്കപ്പെട്ടിരുന്നു, അതു കൊണ്ട്, അവന്നു സ്വയം പ്രതിരോധിക്കേണ്ട ആവശ്യമില്ലായിരുന്നു.

യേശു നിശബ്ദനായിരുന്നപ്പോൾ, മഹാപുരോഹിതൻ അവനോട് പറഞ്ഞു, "**നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ എന്ന്, ഞാൻ ജീവനുള്ള ദൈവത്തെകൊണ്ട് ആണയിട്ടു ചോദിക്കുന്നു.**" ന്യായപ്രമാണമനുസരിച്ച്, ന്യായാധിപന് സാക്ഷികളെ നിർബ്ബന്ധിച്ച് സംസാരിപ്പിക്കുവാൻ അവകാശമുണ്ടായിരുന്നു (ലേവ്യ. 5:1).[15] "അഡ്ജ്വയർ" എന്നത് തർജിമ ചെയ്തിരിക്കുന്നത് (*എക്സോർകിസോ*), അർത്ഥം, "ആരെക്കൊണ്ടെങ്കിലും ആണയിടുവിക്കുക" അല്ലെങ്കിൽ "സത്യം പറയിപ്പിക്കുക" എന്നാണ്. എൻആർഎസ്വി യിൽ "ജീവനുള്ള ദൈവമുമ്പാകെ സത്യം ചെയ്യുവാൻ നിന്നോട് ആവശ്യപ്പെടുന്നു."

കയ്യെഫാവ് യേശുവിനെ മരണത്തിനു വിധിക്കുവാൻ എതിരായ കുറ്റം കണ്ടെത്തുവാൻ ശ്രമിക്കുകയായിരുന്നു. അവൻ യെഹൂദന്മാരുടെ രാജാവായ "ക്രിസ്തു" ആണെന്നു പറഞ്ഞാൽ അത് റോമൻ ഗവൺമെന്റിനെതിരായ രാജ്യ ദ്രോഹകുറ്റം അവനിൽ ചുമത്താമായിരുന്നു (പ്രവൃ. 17:7). അവൻ "ദൈവപുത്രൻ" എന്നു പറഞ്ഞാൽ അത് യെഹൂദന്മാർക്ക് ദൈവദൂഷണമായും ആരോപിക്കാമായിരുന്നു.

പഴയനിയമത്തിൽ, ഒരു യിസ്രായേൽ രാജാവിനെയാണ് "ദൈവപുത്രൻ" ആയി കണക്കാക്കിയിരുന്നത് (സങ്കീ. 2:12). അവന്റെ സ്ഥാനാരോഹണ ദിവസം അവൻ ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയായി തീരുന്നു. രാജാധിരാജാവായ യേശുവിന് അതുപയോഗിക്കുമ്പോൾ, ആ പ്രയോഗം "ദൈവപുത്രൻ" എന്നത് അവന്റെ ദൈവികത്വത്തെയാണ് അന്തർലീനമാക്കിയിരുന്നത് (3:17; 4:3, 6; 8:29; 14:33; 16:16; 27:40, 43, 54).

**വാക്യം 64.** മഹാപുരോഹിതന്റെ ചോദ്യത്തിന് യേശു മറുപടി നൽകിയില്ലായിരുന്നുവെങ്കിൽ, പരോക്ഷമായി അവൻ ക്രിസ്തു അല്ല എന്ന് സമ്മതിക്കുന്നതാകുമായിരുന്നു. എങ്ങനെയായാലും, അവൻ സത്യസന്ധമായി മറുപടി പറഞ്ഞാൽ അത് അവന് എതിരായി അവർ കുറ്റം ചമത്തും എന്ന് യേശുവിന് അറിയാമായിരുന്നു.

മഹാപുരോഹിതനോടുള്ള പ്രതികരണമായി യേശു പറഞ്ഞു, "**ആകുന്നു എന്നു നീ പറഞ്ഞുവല്ലോ.**" അത് "അതെ" എന്നു പരോക്ഷമായി പറയുന്നതാണ്, അത് ചോദ്യകർത്താവിൽ ഊന്നൽ ചെലുത്തുന്നതായിരുന്നു. ഈ അദ്ധ്യായത്തിൽ, ആദ്യം ഇതേപോലെ, യേശു യൂദായോട് ഉത്തരം പറഞ്ഞിരുന്നു (26:25).

പിന്നെ യേശു താൻ പറഞ്ഞത് വ്യക്തമായി വിശദീകരിച്ചു. "**ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു പറയുന്നു.**"[16] സൈന്യാധിപനായ മശിഹയായി ആളുകൾ പ്രതീക്ഷിച്ചതുപോലെ അവനെ തിരിച്ചറിയിക്കുന്നതിനു പകരം, എല്ലാവരുടേയും കർത്താവും ന്യായാധിപനുമായിട്ടാണ് അവനെ അവർക്ക് പരിചയപ്പെടുത്തിയത്. അപ്പോഴത്തെ സാഹചര്യത്തിനു യോജിക്കാത്തതായിരുന്നു എങ്കിലും, അവൻ അത് ധൈര്യത്തോടെ ഏറ്റു പറഞ്ഞു.[17]

യേശുവിന്റെ വിവരണം ദാനിയേൽ 7:13, 14 ഉം സങ്കീർത്തനങ്ങൾ 110:1 ഉം ചേർന്നതായിരുന്നു. പുരാതന കാലം (ദൈവമായ പിതാവ്) സമീപിക്കുമ്പോൾ മനുഷ്യപുത്രൻ നശിപ്പിക്കുവാൻ കഴിയാത്ത രാജ്യം പ്രാപിക്കുവാൻ ആകാശമേഘങ്ങളിൽ വരുമെന്നായിരുന്നു ദാനിയേൽ 7-ൽ പറഞ്ഞിരുന്നത് (24:30 നോക്കുക). മശിഹാ സങ്കീർത്തനമായ സങ്കീർത്തനങ്ങൾ 110-ൽ, കർത്താവ് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും, അവൻ ജാതികളെ വാഴുന്നതുമാണ് കാണിക്കുന്നത് (22:42-45 നോക്കുക). ഇവിടെ യേശു ഉപയോഗിച്ച "പവർ" എന്ന വാക്ക് "വളച്ചുകെട്ടിപ്പറഞ്ഞതാണ് കാരണം ദൈവം എന്ന വാക്ക് ബി. സി. രണ്ടാം നൂറ്റാണ്ടിനുശേഷം യെഹൂദന്മാർ ഉച്ചരിക്കുവാൻ മടിച്ചിരുന്നു."[18]

**വാക്യങ്ങൾ 65, 66.** ഫലത്തിൽ, യേശു, തന്നെ കുറ്റപ്പെടുത്തുന്നതിനുള്ള സത്യമായിരുന്നു അവരോട് പറഞ്ഞത്. അവന്റെ സാക്ഷ്യത്തോട് പ്രതികരിച്ച് മഹാപുരോഹിതൻ തന്റെ വസ്ത്രം കീറി, പറഞ്ഞു, "**അവൻ ദൈവദൂഷണം പറഞ്ഞു.**" പൊതുവായി പറഞ്ഞാൽ, മഹാപുരോഹിതൻ തന്റെ വസ്ത്രം കീറരുത് എന്നായിരുന്നു പറഞ്ഞിരുന്നത് (ലേവ്യ. 10:6; 21:10). എങ്കിലും, യെഹൂദപാരമ്പര്യമനുസരിച്ച്, ന്യായാധിപന്മാർ ദൈവദൂഷണം പറയുമ്പോൾ, വസ്ത്രം കീറിയിരുന്നു.[19]

അവനെതിരെ കൂടുതൽ **സാക്ഷികളെ** കൊണ്ടുവരേണ്ട **ആവശ്യം** കയ്യഫാവ് മനസിലാക്കി. അവൻ ദൈവപുത്രനാണെന്ന് സമ്മതിച്ചതിനാൽ, അവൻ **ദൈവദൂഷണം** പറഞ്ഞതായിട്ടാണ് മഹാപുരോഹിതൻ വിലയിരുത്തിയത്. കയ്യഫാവ് ന്യായാധിപസഭയിലെ മറ്റംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ അവർ **മറുപടി പറഞ്ഞു, "അവൻ മരണയോഗ്യൻ!"** ദൈവനാമത്തെ ദുഷിക്കുന്നവന്നു മരണശിക്ഷ വിധിപ്പാൻ ദൈവം കൽപിച്ചിരുന്നു (ലേവ്യ. 24:10-16).

ഔദ്യോഗികമായി, ഒരാൾ ദൈവനാമം സംസാരിക്കാതെ അവനിൽ ദൈവ

ദൂഷണകുറ്റം ചുമത്തുവാൻ പാടില്ലായിരുന്നു,[20] അതുകൊണ്ട്, ആരെങ്കിലും മശിഹ ആണെന്ന് അവകാശപ്പെട്ടാലും (യേശു അല്ലാതെ, മറ്റാരെങ്കിലും തെറ്റായി അവകാശപ്പെട്ടാൽ), അവനെ മരണശിക്ഷക്കു വിധിക്കാവുന്നതായി രുന്നില്ല. എങ്ങനെയായാലും, യെഹൂദന്മാർ പിന്നെ പറഞ്ഞു, "ഞങ്ങൾക്ക് ഒരു ന്യായപ്രമാണം ഉണ്ട്; അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊ ണ്ട്, ആ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു" (യോഹ. 19:7).

**വാക്യങ്ങൾ 67, 68.** യേശു ഹന്നാവിന്റെ അടുക്കൽ എത്തിയപ്പോൾ, മഹാപുരോഹിതനെ ചോദ്യം ചെയ്തതിന് പടയാളികളിൽ ഒരാൾ അവനെ അടിച്ചു (യോഹ. 18:21, 22). യേശുവിനെ കയ്യഫാവിന്റെ അടുക്കൽ എത്തി ച്ചപ്പോഴും മോശമായ പെരുമാറ്റവും, ഉപദ്രവവും തുടർന്നു.

ന്യായാധിപസഭ അവരുടെ പ്രവൃത്തികളാൽ യേശുവിനേയും അവന്റെ അവകാശത്തെയും തള്ളിക്കളഞ്ഞു. ചിലർ **അവന്റെ മുഖത്ത് തുപ്പി**, അത് ഒരു യെഹൂദനെ സംബന്ധിച്ച് ഏറ്റവും വലിയ നിന്ദയാണ്. അവർ അവനെ **മുഷ്ടി ചുരുട്ടി ഇടിച്ചു**; വേറെ ചിലർ അവനെ അവരുടെ **കൈകൾ കൊണ്ട്, തല്ലി**. അവർ "ചേവകർ" ആയിരുന്നു എന്നാണ് മർ. 14:65 പറയുന്നത്.

അവർ യേശുവിനെ തല്ലിക്കൊണ്ട്, പറഞ്ഞു, "**ഹേ, ക്രിസ്തുവേ, നിന്നെ തല്ലിയത് ആർ എന്നു ഞങ്ങളോട് പ്രവചിക്ക?**" ഈ സമയത്ത് യേശുവിന്റെ കണ്ണുകൾ മൂടിക്കെട്ടിയിരുന്നു എന്നാണ് മർക്കൊസും ലൂക്കൊസും പറയുന്ന ത് (മർ. 14:65; ലൂക്കൊ. 22:64), രംഗം മനസിലാക്കുവാൻ സഹായിക്കുന്ന വിശ ദീകരണമാണ് അത്. അന്ധനാക്കി നിർത്തിയിട്ടായിരുന്നു ചേവകർ അവനെ പ്രവാചകൻ എന്നു പറഞ്ഞു പരിഹസിച്ചത്. അവൻ വാസ്തവത്തിലുള്ള പ്ര വാചകനാണെങ്കിൽ, തന്നെ അടിച്ചത് കാണാതെ തന്നെ അത് ആരാണെന്ന് പ റയുവാൻ കഴിയുമല്ലൊ എന്നതായിരുന്നു അവരുടെ ന്യായവാദം.

## പത്രൊസിന്റെ തള്ളിപ്പറച്ചൽ (26:69-75)

**69എന്നാൽ പത്രൊസ് പുറത്ത് നടുമുറ്റത്ത് ഇരുന്നു. അവന്റെ അടുക്കൽ ഒരു വേലക്കാരത്തി വന്നു, "നീയും ഗലീലക്കാരനായ യേശുവിനോടുകൂടെ ആയിരുന്നുവല്ലോ" എന്നു പറഞ്ഞു. 70അതിന്നു അവൻ "നീ പറയുന്നത് എനിക്ക് തിരിയുന്നില്ല" എന്നു എല്ലാവരും കേൾക്കെ തള്ളിപ്പറഞ്ഞു. 71പി ന്നെ അവൻ പടിപ്പുരയിലേക്ക് പുറപ്പെടുമ്പോൾ മറ്റൊരുത്തി അവിടെയുള്ള വരോട്, "ഇവനും നസ്രായനായ യേശുവിനോടുകൂടെ ആയിരുന്നു" എന്നു പറഞ്ഞു. 72"ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്നു അവൻ രണ്ടാമതും ആണയോടെ തള്ളിപ്പറഞ്ഞു. 73അൽപനേരം കഴിഞ്ഞിട്ട് അവിടെ നിന്നവർ അടുത്തുവന്ന് പത്രൊസിനോട്, "നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ" എന്നു പറഞ്ഞു. 74അപ്പോൾ അവൻ, "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി; ഉടനെ കോഴി കൂകി. 75എന്നാറെ "കോഴികൂകു മ്മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും" എന്നു യേശു പറഞ്ഞവാക്ക് പത്രൊസ് ഓർത്തു പുറത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു.**

വാക്യം 68-ൽ യേശുവിന്റെ പ്രവചിക്കുവാൻ കഴിവില്ലാത്തതിനെ ചേവ കർ പരിഹസിച്ച ശേഷം, യേശുവിന്റെ പ്രവചനം നിറവേറുന്നതായി മത്തായി

വിവരിക്കുന്നു.[21] എല്ലാവരും യേശുവിങ്കൽ ഇടറിയാലും താൻ ഒരിക്കലും ഇടറുകയില്ല എന്നാണ് പത്രൊസ് പറഞ്ഞത് (26:33, 35). എങ്ങനെയായാലും, കർത്താവ് പറഞ്ഞത് കോഴി കൂകുമ്മുമ്പ് അവൻ മൂന്നു വട്ടം തള്ളിപ്പറയും എന്നായിരുന്നു (26:34).[22] അവന്റെ വാക്ക് പത്രൊസ് നിറവേറ്റി. ഗെത്ത്ശെമനയിൽവെച്ച് അവൻ കർത്താവിനുവേണ്ടി വാളെടുത്ത് പോരാടുവാൻ തയ്യാറായിരുന്നു (26:51). യേശു പ്രതിരോധിക്കാതിരുന്നതും, അവനെ ശാസിച്ചതും അപ്പൊസ്തലന്റെ മുൻസമർപ്പണത്തെ സാരമായി ബാധിച്ചിരിക്കും (26:52–54).

**വാക്യം 69. പത്രൊസ് മുറ്റത്ത്** ശത്രുക്കളുടെകൂടെ "**തീ കാഞ്ഞു**" കൊണ്ടിരിക്കുകയായിരുന്നു (മർ. 14:54). അവൻ യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളാണെന്ന് ഒരു **വേലക്കാരത്തി-സ്ത്രീ** തിരിച്ചറിഞ്ഞു. അവൾ പറഞ്ഞു, "**നീയും ഗലീലക്കാരനായ യേശുവിനോടുകൂടെ ആയിരുന്നുവല്ലോ**." യേശു വളർന്നതും, തന്റെ ശുശ്രൂഷയിൽ അധികവും ചെയ്തതും അവിടെയാകയാൽ, യെരുശലേമിലുള്ളവർ അവനെ "ഗലീലക്കാരൻ" എന്നാണ് വിളിച്ചിരുന്നത്.

**വാക്യം 70**. യേശുവിനോടുള്ള അവന്റെ ബന്ധത്തെ **തള്ളി** പത്രൊസ് പറഞ്ഞു, "**നീ പറയുന്നത് എനിക്ക് തിരിയുന്നില്ല**."ഒരുപക്ഷെ ഭയം കൊണ്ടായിരിക്കാം അവൻ പുറപ്പെട്ടു പടിവാതിൽക്കലേക്ക് പോയി (മർ. 14:68).[23]

**വാക്യം 71.** പത്രൊസ് കൂടുതൽ സുരക്ഷിതമായ സ്ഥാനത്തേക്ക് പിൻവലിഞ്ഞു. **അവൻ പടിപ്പുരവാതിൽക്കലേക്ക് പോയപ്പോൾ,** രണ്ടാമത്തെ **വേലക്കാരത്തി-സ്ത്രീ** പത്രൊസിനെ കണ്ടു. അവൾ എല്ലാവരും കേൾക്കെ തുറന്നു പറഞ്ഞു, "**ഇവൻ നസ്രായനായ യേശുവിനോടുകൂടെ ആയിരുന്നു**." ഇപ്പോൾ പത്രൊസിനെ തിരിച്ചറിഞ്ഞത് അവന്റെ സ്വന്തപ്രദേശത്തുള്ളവരായിരുന്നു (2:23 നോക്കുക).

**വാക്യം 72. ഒരിക്കൽകൂടെ** പത്രൊസ് യേശുവിനെ **തള്ളി**പ്പറയുകയും, ഈ സമയത്ത് അവൻ **ആണയിടുകയും** ചെയ്തു. "**ഞാൻ ആ മനുഷ്യനെ അറിയുന്നില്ല**'' എന്നു പറഞ്ഞപ്പോൾ, അവൻ യേശുവിന്റെ പേർ എടുത്തു പറയുകമാത്രമല്ല - അവജ്ഞയോടുകൂടിയുള്ള പ്രയോഗം നടത്തുകയും ചെയ്തു. യേശുവിന്റെ ശിഷ്യനാണ് എന്നത് പത്രൊസ് വെറുതെ നിഷേധിക്കുകയായിരുന്നില്ല, പിന്നെയോ, യേശു ആരാണെന്ന് താൻ അറിയുന്നില്ല എന്നാണ് പറഞ്ഞത്. പത്രൊസിന്റെ ആണ എന്താണെന്ന് മത്തായി പ്രത്യേകമായി പറയുന്നില്ല.

**വാക്യം 73**. പത്രൊസ് ആദ്യത്തെ **വേലക്കാരത്തി-സ്ത്രീ** യോടു തള്ളിപ്പറഞ്ഞതിനും അവസാനം തള്ളിപ്പറഞ്ഞതിനുമിടക്ക് ഒരു മണിക്കൂർ കടന്നുപോയി (ലൂക്കൊ. 22:59). ആ രംഗം നിരീക്ഷിച്ച് അവിടെ നിന്നിരുന്ന ചിലർ **പത്രൊസ്** യേശുവിന്റെ **ശിഷ്യന്മാരിൽ ഒരാളായിരുന്നോ** എന്നു തീരുമാനിച്ചിരുന്നു. അവന്റെ **ഉച്ചാരണം** കൊണ്ട്, അവൻ ശിഷ്യന്മാരിൽ ഒരാളാണെന്ന് അവർക്ക് ബോധ്യമായി. **അവിടെ നിന്നവർ** പറഞ്ഞു, **"നിന്റെ ഉച്ചാരണവും അത് വെളിവാക്കുന്നു."** അവന്റെ സംസാര ഭാഷ അവനും ഗലീലക്കാരനാണെന്ന് തെളിയിക്കുന്നതായിരുന്നു (മർ. 14:70).

പഴയനിയമകാലത്ത് പോലും, ആളുകൾ എവിടെ താമസിച്ചിരുന്നുവോ, ആ പ്രദേശത്തെ ഭാഷയായിരുന്നു സംസാരിച്ചിരുന്നത് (ന്യായാ. 12:1–6). ഒന്നാം നൂറ്റാണ്ടിൽ, പ്രാഥമികമായ വ്യത്യാസം യെഹൂദ്യയിലുള്ളവരും (തെക്ക്), ഗലീലയിലുള്ളവരും (വടക്ക്) തമ്മിലായിരുന്നു.

**വാക്യം 74.** അവസാനത്തെ തള്ളിപ്പറച്ചലിനുശേഷം, പത്രൊസ് **പ്രാകു**

**വാനും ആണയിടുവാനും** തുടങ്ങി, പറഞ്ഞു, "**ആ മനുഷ്യനെ ഞാൻ അറിയുന്നില്ല!**" അവൻ സത്യം പറഞ്ഞില്ലെങ്കിൽ, ദൈവത്തിൽനിന്ന് അവനിലേക്ക് ശാപമാണ് വരുത്തുന്നത് (രൂത്ത്. 1:17; 1 ശമു. 3:17; 14:44; 20:13; 25:22 നോക്കുക). തന്റെ അവകാശം സ്ഥാപിപ്പാൻ വേറെയും അവൻ ആണയിട്ടു (26:72). തള്ളിപ്പറച്ചലും ആണയും പ്രാകലും ഒന്നിച്ചുചേർത്തപ്പോൾ, മൂന്നു തള്ളിപ്പറച്ചലിൽ ഒന്നു അതിൽ ഉൾപ്പെടുത്തുകയായിരുന്നു. പത്രൊസ് മൂന്നാമതും തള്ളിപ്പറഞ്ഞ**യുടനെ, കോഴി കൂകി**. കർത്താവ് പ്രവചിച്ചതുപോലെ തന്നെ അതു സംഭവിച്ചു (26:34).[24]

**വാക്യം 75. കോഴി** കൂകിയതിനുശേഷം, "കർത്താവ് തിരിഞ്ഞു പത്രൊസിനെ നോക്കി" (ലൂക്കൊ. 22:61). അത് എന്തൊരു നോട്ടം ആയിരുന്നിരിക്കണം! അപ്പോഴാണ് **യേശു പറഞ്ഞ വാക്ക് പത്രൊസ് ഓർത്തതും**, അവൻ ചെയ്തതു തിരിച്ചറിഞ്ഞതും. അതി ദുഃഖത്താൽ **അവൻ പുറത്തു പോയി കരഞ്ഞു** (2 കൊ. 7:10 നോക്കുക).

## പാഠങ്ങൾ

### പത്രൊസിന്റെ വീഴ്ച്ചയും തിരിച്ചുവരലും (26:69-75)

നമ്മിൽ പലരേയും പത്രൊസിനോട് ഉപമിക്കാം. അവൻ ആവേശമുള്ളവനും, ജിജ്ഞാസുവും, എടുത്തുചാട്ടക്കാരനും ബലഹീനനുമായിരുന്നു. പത്രൊസിനെ പോലെ മറ്റൊരു വ്യക്തിയും ഉയർന്നിട്ടില്ലായിരുന്നു, എങ്കിലും അവൻ വളരെ താഴേക്കു വീണു. കർത്താവിനോട് ഏറ്റവും അടുത്ത് ഇടപഴകിയ ഒരാൾക്ക് അവനെ ഒരിക്കലും അറിയുകയില്ല എന്ന് എങ്ങനെ തള്ളിപ്പറയുവാൻ കഴിയും? പത്രൊസിനെ എന്തു വീഴ്ത്തിയോ, അത് നമ്മെയും വീഴ്ത്തും.

*പത്രൊസിന്റെ വീഴ്ച്ചയിലെ പടികൾ*. താൻ എത്ര ബലഹീനനാണെന്ന് പത്രൊസ് തിരിച്ചറിഞ്ഞിരുന്നില്ല (14:22–31; 16:21–23; 26:30–35; യോഹ. 18:10, 11) പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിക്കേണ്ട സമയത്ത് അവൻ ഉറങ്ങി പോയി (26:36–46), സഹോദരന്മാർ ഒത്തൊരുമിച്ച് യേശുവിനു വേണ്ടി പ്രാർത്ഥിക്കുന്നതിനുപകരം, അവൻ ദൂരവേ മാറി ശത്രുക്കളെ അനുഗമിക്കുകയായിരുന്നു (26:58), അവൻ യോഹന്നാനോടുകൂടെ ആയി അന്യോന്യം പിന്തുണക്കേണ്ടതിനു പകരം അവൻ ശത്രുക്കളോടുകൂടെ ആയിരുന്നു (ലൂക്കൊ. 22:55). അവൻ താഴ്ന്നുപോയപ്പോൾ, കർത്താവിനെ തള്ളിപ്പറയുകയും, പ്രാകുകയും ആണയിടുകയും തന്നിലേക്ക് ദൈവശാപം വരുത്തുകയും ചെയ്തു (26:69–75)

പത്രൊസ് തിരിച്ചുവരുന്ന പടികൾ. യേശു പത്രൊസിനെ നോട്ടത്താൽ തിരുത്തിയപ്പോൾ, യേശു പറഞ്ഞ വാക്കുകൾ അവൻ ഓർത്തു (ലൂക്കൊ. 22:61). പത്രൊസ് ദുഃഖിക്കുകയും (ലൂക്കൊ. 22:62), വാസ്തവത്തിൽ മാനസാന്തരപ്പെടുകയും ചെയ്തു (യോഹ. 21:15–19). അവൻ പിന്നെ മരണത്തോളം വിശ്വസ്തനായിരുന്നു (യോഹ. 21:18, 19). പത്രൊസ് റോമിൽ വെച്ച് ക്രൂശിക്കപ്പെട്ടാണ് മരിച്ചതെന്ന് ശക്തമായ ഒരു പാരമ്പര്യം പറയുന്നു.[25] കർത്താവ് ക്രൂശിക്കപ്പെട്ടതുപോലെ ക്രൂശിക്കപ്പെടുവാൻ തനിക്ക് യോഗ്യതയില്ലാത്തതിനാൽ തന്നെ തലകീഴായി ക്രൂശിക്കണം എന്ന് അവൻ ആവശ്യപ്പെട്ടിരുന്നു എന്നാണ് പറയപ്പെടുന്നത്.[26]

ശക്തരായ ക്രിസ്ത്യാനികളും ഇടറിപ്പോയേക്കാം, എന്നാൽ നാം വീഴേണ്ട ആവശ്യമില്ല. പിന്നീട്, പത്രൊസ് സഭയുടെ മൂപ്പന്മാരിൽ ഒരാളായപ്പോൾ,

ക്രിസ്ത്യാനികൾ ഇടറാതെ വളരുവാൻ അവരെ പ്രോൽസാഹിപ്പിച്ചു എഴുതി യിരിക്കുന്നു (2 പത്രൊ. 1:5–11).

---

കുറിപ്പുകൾ

[1]റോമൻ പടയാളികൾ യേശുവിനെ യെഹൂദ മതാധികാരികളുടെ അടുക്കൽ കൊണ്ടുവന്നതിൽ അതിശയിക്കുവാനില്ല. ഇതിന്റെ ഒരു സമാനത നമുക്ക് പൗലൊസിന്റെ കാര്യത്തിൽ കാണാം, അവനെ ചോദ്യം ചെയ്യുവാനായി റോമൻ സൈന്യാധിപതിയായിരുന്ന ക്ലൗദ്യോസ് ലൂസിയാസ് യെഹൂദ ന്യായാധിപസഭയിലേക്ക് കൊണ്ടുപോയി (പ്രവൃ. 22:30). [2]റോമൻ നാടുവാഴിയായിരുന്ന പിലാത്തൊസിന്റെ മുൻപിൽ യേശുവിനെതിരായി കുറ്റം ചുമത്തുവാൻ ഹന്നാവിനായിരുന്നില്ല, കയ്യഫാവിനായിരുന്നു അധികാരമുണ്ടായിരുന്നത്. [3]മിഷ്നാ *സാൻഹേദ്രിൻ* 1.1, 4, 5. [4]ഇബിഡ്., 1.6. [5]ഇബിഡ്., 4.3. [6]ഇബിഡ്., 4.1 [7]ഇബിഡ്., 11.2; *മിഷ്നാ* 5.4. എങ്ങനെയായാലും, ന്യായാധിപസഭ കൂടിവരുന്നത് ദൈവാലയ പ്രാന്തപ്രദേശത്തുനിന്നു നേരത്തെ മറ്റൊരു സ്ഥലത്തേക്ക് മാറ്റിയിരിക്കാം. കൂടുതൽ വിവരങ്ങൾക്ക് നോക്കുക, ബ്രൂസ് കോർലേ, "ട്രയൽ ഓഫ് ജീസസ്," ഇൻ *ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്,* എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്,.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 851. [8]മിഷ്നാ *സാൻഹേദ്രിൻ* 4.1. [9]ഇബിഡ്., 3.6; 5.3, 4. [10]ഇബിഡ്., 4.1.

[11]ഈ വാക്യത്തിൽ ഗ്രീക്ക് വാക്ക് (*അവുലേ*) എന്നത് "മുറ്റത്തെ" ആണ് സൂചിപ്പിക്കുന്നത് അല്ലാതെ അരമനയല്ല (26:3 ന്റെ പരാമർശം നോക്കുക). [12]നോക്കുക താലൂദ് *അബോദാ സാറാ* 8ബി. [13]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 681. [14]ഇബിഡ്., 683. [15]നോക്കുക മിഷ്നാ *ഷെബുവോത്* 4.3. [16]രാവിലെ ന്യായാധിപസഭ മുഴുവൻ കൂടിവന്നപ്പോൾ യേശു ആ വാക്കുകളെ സംസാരിച്ചതായാണ് ലൂക്കൊസ് അവതരിപ്പിച്ചത് (ലൂക്കൊ. 22:66–71). അവന്റെ രാത്രിയിലെ വിചാരണയിൽ യേശു ഇത് ആവർത്തിച്ചിരിക്കുവാനും സാധ്യതയുണ്ട്. യെഹൂദ അദ്ധ്യക്ഷന്മാർ രാത്രിയിൽ ന്യായാധിപസഭ കൂടിയ രാത്രിയിലെ നിയമവിരുദ്ധമായ യോഗത്തെ അവർ ഔദ്യോഗികമാക്കുകയായിരുന്നു. [17]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു* 14–28, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 801. [18]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 153. [19]മിഷ്നാ *സാൻഹേദ്രിൻ* 7.5. [20]ഇബിഡ്.

[21]മോറിസ്, 687. [22]കോഴി ''രണ്ടു'' പ്രാവശ്യം കൂകുന്നതിനു മുൻപ് പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറയുമെന്നാണ് മർ. 14:30 പറയുന്നത്. [23]മർ. 14:68–ൽ, ചില ഗ്രീക്ക് കയ്യെഴുത്തുകളിൽ, "കോഴി കൂകയും ചെയ്തു," എന്നാണ് – അതായത് ആദ്യം കൂകി എന്നർത്ഥം (ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2ഡ് എഡി. ധസ്റ്റട്ട്ഗർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994], 97.) [24]ഒരിക്കൽകൂടെ, കോഴി "രണ്ടു" പ്രാവശ്യം കൂകിയതായി മർക്കൊസ് പറഞ്ഞിരിക്കുന്നു (മർ. 14:72). [25]യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 2.25. [26]*ആക്ട്സ് ഓഫ് പീറ്റർ ആന്റ് പോൾ.*